**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **02-02-2024 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനശേഷം അപ്രന്റീസ്ഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനശേഷം അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസായ മേഖലകളിലാണ് അപ്രന്റീസ് ട്രെയിനികളെ തെരഞ്ഞെടുക്കുന്നത്; പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അപ്രന്റീസുകൾക്ക് തൊഴിൽ പരിചയ സാക്ഷ്യപത്രമായി ഉപയോഗിക്കാൻ കഴിയും വിധം കേന്ദ്രസർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) | പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് അവസരം ലഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡവലപ്പ്മെന്റ് സെന്ററിൽ പഠനശേഷം 5 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ സർക്കാർ പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും എസ്.ഡി. സെന്റർ വഴിയാണ് അപ്രന്റീസുകളെ നിയമിക്കുന്നത്. കമ്പനികൾ അപ്രന്റീസുകളെ നിയമിക്കുമ്പോൾ MHRD -യുടെ National Apprenticeship Training Scheme (NATS) പോർട്ടൽ മുഖേനയാണ് അപ്രന്റീസ് കോഴ്സുകൾ അനുവദിച്ച് നൽകുന്നത്. ഉദ്യോഗാർത്ഥികൾ അപ്രന്റീസ്ഷിപ്പ് 1 വർഷം വിജയകരമായി പൂർത്തീകരിച്ചാൽ MHRD നൽകുന്ന Certificate of Proficiency (COP) 1 വർഷത്തെ തൊഴിൽ പരിചയമായി അംഗീകരിച്ചിട്ടുണ്ട് |
| (ബി) | വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും സ്വായത്തമാക്കുന്നതിനും മികച്ച സംരംഭകരാകുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകുമോ? | (ബി) | വിദ്യാർത്ഥികൾക്ക് പഠന ശേഷം വ്യവസായ മേഖലകളിൽ അപ്രന്റീസ്ഷിപ്പ് ചെയ്യുന്നതിലൂടെ സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും സ്വായത്തമാക്കാൻ കഴിയുന്നു. എന്നാൽ സംരംഭകരാകുന്നതിനുള്ള പരിശീലനം അപ്രന്റീസ്ഷിപ്പിലൂടെ ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ